**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 188** **07-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളും അവശ്യ മരുന്നുകളുടെ ലഭ്യതയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്‌കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും അവശ്യമരുന്നുകളുടെ ക്ഷാമവും കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായിട്ടാണ് സർക്കാർ ആർദ്രം പദ്ധതി ആരംഭിച്ചത്. ആയതിലൂടെ OPD ട്രാൻസ്ഫർമേഷൻ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ, വിവിധ ആശുപത്രികളുടെ അപ്ഗ്രഡേഷൻ, മെയിന്റനൻസ്, എന്നിവ നടന്നു വരുന്നുണ്ട്. കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട് എന്നിവ ഉൾപ്പെടെ മാസ്റ്റർ പ്ലാൻ ഉപയോഗിച്ചുള്ള പതിനായിരം കോടി രൂപയിലധികമുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തികൾ പലഘട്ടങ്ങളിലായി നടത്തി വരുന്നു. കൂടാതെ ദേശിയ ആരോഗ്യ ദൗത്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയുടെ ഏകോപനത്തോടെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന/സേവന മേഖലകളുടെ വികസനത്തിനായി സംയോജിത പ്ലാൻ വർഷം തോറും തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ KMSCL മുഖേന ആണ് മരുന്നുകൾ വിതരണം ചെയ്ത് വരുന്നത്. ആയതിന് തടസ്സങ്ങൾ ഒന്നും നേരിടുന്നില്ല. |
| (ബി) | ലിഫ്റ്റ് പ്രവർത്തിക്കാത്തതിനാൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ രോഗികളെ മുളങ്കമ്പിൽ കെട്ടിയ തുണിയിൽ കിടത്തി കൊണ്ടു പോകേണ്ടി വന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഏകദേശം 20 വർഷങ്ങൾക്ക് ശേഷം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയാണ്. പതിറ്റാണ്ടുകൾ പഴക്കമുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി 46 കോടി രൂപയുടെ രണ്ട് കെട്ടിടങ്ങളാണ് നിർമ്മിക്കുന്നത്. ഈ സാഹചര്യത്തിൽ പരിമിതമായ സൗകര്യത്തിലാണ് ചികിത്സാ സേവനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. നിലവിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ലിഫ്റ്റ് കേടായത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രമേഹ രോഗത്തിനുള്ള ഇൻസുലിൻ മരുന്ന് ഉൾപ്പെടെ പല മരുന്നുകൾക്കും സർക്കാർ ആശുപത്രികളിൽ ക്ഷാമം അനുഭവപ്പെടുന്നതായുള്ള വാർത്തകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പ്രമേഹ രോഗത്തിനുള്ള ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ